ശ്രീമതി കെ.ആർ. ഗൗരി: ഏഴിമലയിൽ എത്ര ഏക്കറാണ് ഭൂമി?

ശ്രീ. പി.ജെ. ജോസഫ്: ഏതാണ്ട് 20–25 ശതമാനം വർദ്ധിച്ചിരിക്കുന്നു. നഷ്ടപരിഹാരം കുറെക്കൂടി വർദ്ധിപ്പിച്ചുകിട്ടുന്നതിനുള്ള വ്യവസ്ഥകളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. ഇത് പ്രായോഗികമാക്കാനും, ഭൂമി ഏറെടുക്കൽ ത്വരിതപ്പെടുത്താനുമുള്ള ഒന്നുരണ്ട് ഭേദഗതികളും മാത്രമേ ഇതിൽ കൊണ്ടുവന്നിട്ടുള്ളൂ. അതുപോലെതന്നെ ഭൂമി ഫ്രീസ് ചെയ്ത് വർഷങ്ങളായി കിടക്കുന്നത് ഇനി ഉണ്ടാകുകയില്ല. പ്രിലിമിനറി നോട്ടിഫിക്കേഷൻ കഴിഞ്ഞ് ഒരു കൊല്ലത്തിനുള്ളിൽ ഡി.ഡി. പബ്ലിഷ് ചെയ്യാത്ത മുഴുവൻ കേസുകളും ക്യാൻസലാവുകയാണ്. അതായത് 1984 സെപ്റ്റംബർ 24–ാം തീയതിയുള്ളത് 1985 സെപ്റ്റംബർ 24–ാം തീയതി ആകുമ്പോൾ ഒരു കൊല്ലമാകും. അതിനുള്ളിൽ ഡി.ഡി. പബ്ലിഷ് ചെയ്യാത്ത മുഴുവൻ കേസുകളും ക്യാൻസലാവുകയാണ്. ഇവിടെ അനന്തമായി ഒരു കേസും ബാക്കി ഉണ്ടാകില്ല. സ്ഥിരമായി ഫ്രീസ് ചെയ്ത് കിടന്നതെല്ലാം ഇതോടുകൂടി ക്യാൻസലാവുകയാണ്. ആ നിലയിലുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സെൻട്രൽ ആക്ടിലെ ഈ ലെജിസ്ലേഷൻ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം ഇവിടെ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ? അതായത് Kerala Land Acquisition Rules, 1953. അതിനുശേഷം വേറെ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ്: അതുകൂടി ചേർത്തുകൊണ്ടാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്.

1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985–ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഇത് സഭയിൽ നേരത്തേ വന്നതാണ്. സബ്ജക്ട് കമ്മിറ്റി ഏകകണ്ഠമായി പറഞ്ഞിട്ടുള്ളതാണ്. ഇത് പ്രത്യേകം പാസ്സാക്കാവുന്ന ഒരു നിയമമാണ്. ഒറിജിനൽ നിയമമാണ്. ഇതുപോലുള്ള മറ്റൊരു ബിൽ ഇതിനുമുമ്പ് സഭ പാസ്സാക്കിയിട്ടുണ്ട്. പാപ്പിനിശ്ശേരി സൂപ്പർ ക്ലേ ഏറെടുക്കൽ ബിൽ ഇതിനുമുമ്പ് സഭ പാസ്സാക്കിയിട്ടുണ്ട്. ഇത് പാസ്സാക്കിത്തരണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

Shri. V. J. Thankappan: Sir, I move that the Kerala Sick Textile Undertakings (Acquisition and Transfer of Undertakings) Bill, 1985 as reported by the Subject Committee be recommitted to the same Subject Committee. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വളരെ എളുപ്പം പാസ്സാക്കാവുന്ന ഒരു നിയമമല്ല ഇത്. ഇതിൽ അഞ്ചാം അദ്ധ്യായത്തിൽ 13-ാം വകുപ്പിലെ ഉപവകുപ്പിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഈ ഗവൺമെന്റിനെ നയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു വായിച്ചു നോക്കിയിട്ടുണ്ടോ എന്ന് എനിക്കു സംശയമുണ്ട്. ഒരു ബിൽ ഗവൺമെന്റ് അവതരിപ്പിക്കുമ്പോൾ ആ ബിൽ ഗവൺമെന്റിനേറതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ആളാണ്. അതുപോലെ തന്നെ അപ്പുറത്ത് കോൺഗ്രസ്സ് പാർട്ടിയിൽ, ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ആളുകൾ ഉണ്ടാകും. ഈ ഗവൺമെന്റിന് 1947-ൽ ബ്രിട്ടീഷ് ഗവൺമെന്റ് പാസ്സാക്കിയ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരമുള്ള അവകാശങ്ങൾപോലും പൂർണ്ണമായി നിഷേധിച്ചുകൊണ്ട് ഒരു നിയമം ഈ മുഖ്യമന്ത്രിയുടെ കീഴിൽ ഇവിടെ പാസ്സാക്കിയെടുക്കാൻ കോൺഗ്രസ്സ് പാർട്ടിക്ക് നാണമാകുന്നില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കോൺഗ്രസ്സ് പാർട്ടിയിൽതന്നെ പുരോഗമന ചിന്താഗതിക്കാരുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. ഒന്നോ രണ്ടോ മൂന്നോ വിഭാഗമുണ്ട് ഇപ്പോൾ കോൺഗ്രസ്സ് പാർട്ടിയിൽ. എന്നാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 1947-ൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന, ഈ രാജ്യത്തെ തൊഴിലാളികൾക്ക് അനുകൂലമായി പാസ്സാക്കിയെടുത്ത ഒരു ബിൽ, 1935-ലെ ആക്ടിലെ 107-ാം ആർട്ടിക്കിൾ അനുസരിച്ച് - പാസ്സാക്കി എടുത്ത ബിൽ ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കോൺഗ്രസ്സിലെ പ്രമുഖരായ ആളുകളും ഈ ബിൽ വായിച്ചു നോക്കിയിട്ടുണ്ടോ? ഐ.എൻ.ടി.യു.സി. യുടെ നേതാക്കൻമാർ അപ്പുറത്തുണ്ടാകും. തൊഴിലാളികൾക്കുവേണ്ടി രാവിലെ മുതൽ വൈകിട്ടുവരെ വാദിക്കുന്നു എന്ന് അവകാശപ്പെടുന്ന നേതാക്കൻമാർ ഇല്ലേ അപ്പുറത്ത്? 1947-നുമുൻപ് ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത നേതാക്കൻമാർ, അദ്ധ്വാനിക്കുന്നവനു വേണ്ടി, അവന്റെ അവകാശങ്ങൾക്കുവേണ്ടി, അവനെ സംഘടിപ്പിച്ച് അവർക്കുവേണ്ടി സമരരംഗത്തുവന്നു. നൂറായിരം ആളുകൾ ജീവത്യാഗം ചെയ്തു നേടിയെടുത്ത അവകാശം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ അദ്ധ്വാനിക്കുന്നവനുവേണ്ടി പറഞ്ഞിരിക്കുന്നു. അദ്ധ്വാനിക്കുന്നവന്റെ മുഴുവൻ അവകാശങ്ങളും നിഷേധിച്ചുകൊണ്ടുള്ളതാണ് ഈ ബില്ലിന്റെ അഞ്ചാം അദ്ധ്യായത്തിൽ പതിമൂന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന മിക്കവാറും എല്ലാ കാര്യങ്ങളും. പീഡിത വ്യവസായം എന്ന നിലയിൽ ആ ടെക്സ്റൈൽ മില്ലിലെ തൊഴിലാളികൾ ടെക്സ്റൈൽ കോർപ്പറേഷന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ടെക്സ്റ്റൈൽ കോർപ്പറേഷനിലെ തൊഴിലാളികളായി പരിഗണിക്കും എന്ന ഒരു ഭംഗിവാക്ക് അതിൽ പഞ്ചസാരയിൽ പൊതിഞ്ഞുവച്ചിട്ടുണ്ട്. ഞാൻ നിഷേധിക്കുന്നില്ല. അഞ്ചാം അദ്ധ്യായത്തിൽ 13 (1) ലും 13 (2) ലും 13 (3) ലും എല്ലാം ഉള്ള അവകാശങ്ങളും മുഴുവൻ എടുത്തു കളയാനുള്ള അവകാശം ടെക്സ്റ്റൈൽ കോർപ്പറേഷനുണ്ട് എന്ന് എഴുതിവച്ചിട്ടുണ്ട്. ഞാൻ പ്രധാനമായും ആക്ഷേപിക്കുന്നത് അതിനെയാണ്. പീഡിത വ്യവസായം എന്ന നിലയിൽ അതിന് ബഹുമാനപ്പെട്ട മന്ത്രി പറയാവുന്നത് അതിൽ സേവിംഗ് ക്ലോസ് വേണം എന്നാണ്. എന്താണ് ഈ സേവിംഗ് ക്ലോസ്? പൊതുമേഖലാസ്ഥാപനങ്ങളും ലാഭകരമായി നടത്തുന്നതിനുവേണ്ടിയാണ് സേവിംഗ് ക്ലോസ് അങ്ങനെയാണെങ്കിൽ മിക്കവാറും പൊതുമേഖലാ സ്ഥാപനങ്ങളും തകരുന്നതും തകർക്കുന്നതും അദ്ധ്വാനിക്കുന്നവർ എന്തെങ്കിലും അവകാശങ്ങളും ചോദിച്ചിട്ടല്ല. നേരേമറിച്ച് മിസ്മാനേജ്മെന്റും ധൂർത്തുംകൊണ്ടാണ്. ഉദാഹരണത്തിന് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ എന്ന ഒരു സംഗതിയുണ്ട്, മുഖ്യമന്ത്രിയുടെ കീഴിൽ. അവർ പ്രസിദ്ധീകരിച്ച ഒരു പ്രസിദ്ധീകരണം ഞാൻ വായിച്ചു. സർ, തറക്കല്ലിടാൻ അൻപതിനായിരം രൂപ ചെലവഴിച്ച ഒരു സ്ഥാപനമുണ്ട്. ഒരു സ്ഥാപനത്തിന്റെ തറക്കല്ലിടാൻ അൻപതിനായിരം രൂപ ചെലവഴിച്ചു. ഒരു മാനേജ്മെന്റ് സ്ഥാപനം 200 ലക്ഷംരൂപ അഡ്വർടൈസ്മെന്റിനുവേണ്ടി ചെലവഴിക്കുന്നു. അങ്ങനെ ചെലവഴിച്ച്, ധൂർത്തടിച്ചതിനുശേഷം നഷ്ടം വന്നാൽ അതിന് തൊഴിലാളികളും ഉത്തരവാദികളാണെന്നു പറയും. എന്താണ് അതിന്റെ അർത്ഥം? തൊഴിലാളികളും എന്തെങ്കിലും അവകാശങ്ങളും ചോദിച്ചതുകൊണ്ടാണ് നഷ്ടമുണ്ടായത് എന്നു പറയുന്നതിന് അർത്ഥം എന്താണ്? വ്യവസായവകുപ്പുമന്ത്രി പറയും, പീഡിത വ്യവസായത്തിലെ തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുന്നു. ആ തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനും അതു നിലനിറുത്താനും വേണ്ടിയാണ് ആ സ്ഥാപനം ഏറ്റെടുത്തതെന്ന്. നൂറു ശതമാനവും അംഗീകരിക്കുന്നു. പക്ഷേ അതിനുവേണ്ടി വയർ മുറുക്കി ഉടുക്കേണ്ടതും അവകാശങ്ങളും അടിയറ വയ്ക്കേണ്ടതും തൊഴിലാളികളാണോ മാത്രമാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭയ്ക്ക് പുറത്ത് സെക്രട്ടേറിയറിനു മുമ്പിൽ കെ.എസ്.യു.ക്കാർ തമ്മിൽ അടിയാണ്; ബസ്സുകൾക്കു നേരേ കല്ലേറാണ്. നിയമസഭാ സമ്മേളനം കഴിഞ്ഞ് എം.എൽ.എ. ഹോസ്റ്റലിലേക്ക് എം.എൽ.എ. മാർക്ക് പോകേണ്ടിവരും. കെ.എസ്.യുക്കാർ കുഴപ്പം ഉണ്ടാക്കി.....

മി. സ്പീക്കർ: എം.എൽ.എ. മാർക്ക് പോകാനുള്ള സൗകര്യം ഉണ്ടാകും.

ശ്രീ. വി.ജെ. തങ്കപ്പൻ: അടിയെത്തുടർന്ന് ഒരു വിഭാഗം ആളുകൾ ആശുപത്രിയിലാണ്. കുറെ ഭീരുക്കൾ വയലാർ രവിയുടെ വീട്ടിലും ഉണ്ട്..... .....(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞുവന്നത് പീഡിത വ്യവസായത്തെപ്പറ്റിയാണ്. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത നിയമം കൊണ്ടുവന്നപ്പോൾ ഞങ്ങൾ ശക്തമായി എതിരഭിപ്രായം പ്രകടിപ്പിച്ചിരുന്നു. അപ്പുറത്ത് ഐ.എൻ.ടി.യു.സി. യുടേയും എസ്.ടി.യു.വിന്റേയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ ട്രേഡ് യൂണിയൻ നേതാക്കൻമാരും ഇത് അംഗീകരിക്കുമോ? എന്തിനേറെ അദ്ധ്വാനവർഗ്ഗത്തിന്റെ ആളുകൾ എന്നു പറയുന്ന കേരളാ കോൺഗ്രസ്സിന്റെ ട്രേഡ് യൂണിയൻ വിഭാഗം ഇത് അംഗീകരിക്കുമോ? അപ്പോൾ സഹകാര്യമാനേജ്മെൻറിന്റെ പീരിയഡിൽ അവിടത്തെ ജീവനക്കാർക്കും തൊഴിലാളികൾക്കും കൊടുത്തുകൊണ്ടിരുന്ന സേവനവേതന വ്യവസ്ഥകൾ എന്തുതന്നെയായാലും ഗവൺമെൻറ് ഏറ്റെടുത്ത ടെക്സ്റ്റൈൽ കോർപ്പറേഷൻ ആരംഭിച്ചതിനുശേഷം ടെക്സ്റ്റൈൽ കോർപ്പറേഷനു ഇഷ്ടംപോലെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താം എന്ന് ക്ലോസ് 13 (2)—ൽ പറയുന്നുണ്ട്. അതിൽ അവസാനഭാഗത്തു പറയുന്നത്. 'ഉദ്യോഗം വഹിക്കുകയോ സേവനം അനുഷ്ഠിക്കുകയോ ചെയ്യുകയും, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലുള്ള അയാളുടെ ജോലി യഥാവിധി അവസാനിപ്പിക്കുന്നതുവരെയോ അഥവാ അയാളുടെ വേതനവും നിയമന വ്യവസ്ഥകളും നിബന്ധനകളും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ യഥാവിധി മാറ്റം വരുത്തുന്നതുവരെയോ' എന്നു പറഞ്ഞാൽ ടെക്സ്റ്റൈൽ കോർപ്പറേഷനും സബ്സിഡിയറി കോർപ്പറേഷനുകൾക്കും, ഏറ്റെടുക്കപ്പെട്ട മില്ലുകളിലെ തൊഴിലാളികൾ എന്തെല്ലാം ആനുകൂല്യങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നാലും, ഏറ്റെടുത്തശേഷം ഇഷ്ടംപോലെ മാറ്റം വരുത്താൻ അവകാശമുണ്ടെന്നാണ്.

സർ, ഇവിടെ കശുവണ്ടിയുടെ കാര്യം ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറഞ്ഞ ഒരു ന്യായം, അതു സൊസൈറ്റികൾ ഏറ്റെടുക്കുകയാണെന്നാണ്. ആ സൊസൈറ്റിയിൽ കശുവണ്ടിത്തൊഴിലാളികൾകൂടി മെമ്പർമാരാണ്. അതുകൊണ്ട് അവർകൂടി മെമ്പറായ സൊസൈറ്റിയിലെ സേവനവേതന വ്യവസ്ഥയിൽ മാറ്റംവരുത്തുന്നതിൽ വലിയ അപകടമില്ല. ഒരു അതിർത്തിവരെ അതു ശരിയാണെന്നു സമ്മതിച്ചുകൊടുക്കാം. ഇവിടെ അതല്ല കാര്യം. ഇവിടെ ഒരു പൊതുമേഖലാ സ്ഥാപനമായ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലാണ് പീഡിത വ്യവസായമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അത് ഏറ്റെടുക്കപ്പെടുന്നു. ഈ മൂന്നു വ്യവസായങ്ങൾ വന്നുചേരുന്നത്. അങ്ങനെയാകുമ്പോൾ അവിടുത്തെ തൊഴിലാളികളും ജീവനക്കാരും അനുഭവിച്ചുകൊണ്ടിരുന്ന സേവന വേതന വ്യവസ്ഥകൾ എന്തായിരുന്നാലും ഏറ്റെടുത്തതിനുശേഷം ടെക്സ്റ്റൈൽ കോർപ്പറേഷനു ഇഷ്ടമുള്ള രീതിയിൽ സേവന വേതന വ്യവസ്ഥകൾക്ക് മാറ്റം വരുത്താം എന്നുള്ള ക്ലോസിനെ പൂർണ്ണമായും എതിർക്കുന്നു. അത് അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സ് സുഹൃത്തുക്കൾ അംഗീകരിക്കുമോ? ഐ.എൻ.ടി.യു.സി. നേതാക്കൾ അംഗീകരിക്കുമോ? കെ.ടി.യു.സി. നേതാക്കൾ അംഗീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ഗവൺമെന്റാണിതു കൊണ്ടുവന്നത്. എന്നിട്ട് ഇങ്ങനെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തിയാൽ ഒരു കോടതിയിലും ഈ കാര്യങ്ങൾ ചോദ്യം ചെയ്യപ്പെടരുത്, എന്ന് ഉപവകുപ്പ് മൂന്നിൽ പറയുന്നു. അത് ഞാൻ വായിക്കാം. ''1947–ലെ വ്യവസായ തർക്ക ആക്ടിലോ അഥവാ തൽസമയം പ്രാബല്യത്തിൽ ഉള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ നടത്തിയാലും ദുർബ്ബലാവസ്ഥയിൽ ഉള്ള ഒരു ടെക്സ്റ്റൈൽ സംരംഭത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ മറ്റാളുകളുടേയോ സേവനം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറുന്നത്. ഈ ആക്ട് പ്രകാരമോ അഥവാ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും നഷ്ട പരിഹാരത്തിന് അവിടെയുള്ള ഉദ്യോഗസ്ഥനേയോ മറ്റു ജീവനക്കാരനെയോ അർഹരാക്കുന്നതല്ലാത്തതും ഇപ്രകാരമുള്ള യാതൊരവകാശവും ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ മറ്റ് അധികാര സ്ഥാപനങ്ങളോ സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.'' എന്താണ് സർ ഇതിന്റെ അർത്ഥം? ഇതിന്റെ അർത്ഥം എന്റെ സുഹൃത്ത്, ശ്രീ. ജോസിന് മനസ്സിലായിട്ടുണ്ടോ? കോടതിയിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് അവരുടെ അവകാശം ചോദിക്കാൻ കഴിയുകയില്ല. സിവിൽ നടപടി ക്രമത്തിൽ 9–ാം വകുപ്പുണ്ട്. അത് ഓഫീസിനെ സംബന്ധിച്ചാണ്. ഒരുദ്യോഗസ്ഥനായാലും ജീവനക്കാരനായാലും അയാൾക്ക് എതിരായി അയാൾക്ക് അനുകൂലമല്ലാത്ത രീതിയിൽ അയാൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ ചെയ്തു പോകരുത് എന്നാണ് പറയുന്നത്. അത് ബാധകമല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ മാത്രമല്ല, മറ്റേതു നിയമത്തിൽ എന്തൊക്കെ പറഞ്ഞിരുന്നാലും ടെക്സ്റ്റൈൽ കോർപ്പറേഷൻ അവരുടെ ഇഷ്ടാനുസരണം സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തിയാൽ നഷ്ട പരിഹാരത്തിനുവേണ്ടി ഒരു കോടതിയേയും സമീപിക്കരുത് എന്നാണ് 13–ാം വകുപ്പിന്റെ ഉപവകുപ്പ് മൂന്നിൽ പറയുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ നിയമത്തിൽ ഇതിന്റെ ഉടമസ്ഥനായ മുതലാളിക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് കമ്മീഷൻ ഉൾപ്പെടെയുള്ള എല്ലാ വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. പരിരക്ഷകളും ഉണ്ട്. മുതലാളിയ്ക്ക് മാത്രം പരിരക്ഷകൾ ഏർപ്പെടുത്തുകയും തൊഴിലാളിക്ക് ആവശ്യമായ യാതൊരു പരിരക്ഷകളും ഏർപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നത് ഡിസ്ക്രിമിനേഷൻ അല്ലെങ്കിൽ വിവേചനമല്ലേ?

അത് ഈ ഗവൺമെന്റിന്റെ നയവൈകല്യം ആണെന്ന അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ?

ശ്രീ. വി.ജെ. തങ്കപ്പൻ: ഞാൻ ഇതുവരെ പറഞ്ഞു വന്നത് അതാണ്. അദ്ധ്വാനിക്കുന്നവരോട് ഈ ഗവൺമെന്റിന്റെ സമീപനം എന്ത്? അദ്ധ്വാനവർഗ്ഗത്തിനുവേണ്ടി വാദിക്കുന്ന വലിയ ഒരു വിഭാഗം ആളുകളും അപ്പുറത്തുണ്ട്. ബുദ്ധിജീവികളും ഉണ്ട്, ട്രേഡ് യൂണിയൻ നേതാക്കൻമാരുണ്ട്. 1947–ൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന, തൊഴിലാളി വർഗ്ഗത്തിനുവേണ്ടി കൊണ്ടുവന്ന ആക്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകം ആപ്ലിക്കബിം അല്ല എന്നു പറയുന്നത് യുവാവായ രാജീവ് ; ഭരിക്കുന്ന രാജ്യത്താണ്. അംഗീകരിച്ചുകൊടുക്കാൻ കഴിയുമോ? എന്റെ സുഹൃത്ത് ജോസ് അംഗീകരിക്കുന്നുണ്ടോ? ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിനെ മാറ്റി നിറുത്തിക്കൊണ്ടുള്ള ഈ നിയമനിർമ്മാണത്തെ ജോസ് അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു പറയണം. അതുപോലെ ഓരോ ഫാക്ടറിയ്ക്കും കൊടുക്കേണ്ടതു പ്രത്യേകം പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ ക്ലെയിംസ് പറയുമ്പോഠം മുഴുവൻ ബാദ്ധ്യതകഠംക്കും ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണെന്ന് അഞ്ചാം വകുപ്പിൽ പറയുന്നുണ്ട്. ആ ബാദ്ധ്യതയിൽ ഏറെടുക്കപ്പെട്ട തൊഴിലാളികളുടെ ഏറെടുക്കുന്നതിനു മുമ്പുള്ള ബാദ്ധ്യത പ്രത്യേകം വേണമെങ്കിൽ ഈടാക്കിക്കൊള്ളണം എന്നാണ് പറയുന്നത്. 13-ാം വകുപ്പിലെ ഉപവകുപ്പ് 4 അനുസരിച്ച് സേവനം സംബന്ധിച്ച ഏതെങ്കിലും കരാറിലെ നിബന്ധനകഠം പ്രകാരമോ മറ്റു വിധത്തിലോ എന്നു തുടങ്ങുന്ന ആ സെക്ഷനിൽ ''അഞ്ചാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ അപ്രകാരം ഉള്ള ബാദ്ധ്യത ഏറെടുക്കുന്നിടത്തോളം അയാളുടെ അവകാശവാദം ദുർബ്ബലാവസ്ഥയിൽ ഉള്ള ടെക്സ്റൈൽ സംരംഭത്തിനു എതിരായി നടപ്പാക്കാവുന്നതും എന്നാൽ സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റൈൽ കോർപ്പറേഷനോ എതിരായി നടപ്പാക്കാവുന്നതു അല്ലാത്തതും ആകുന്നു'' എന്നു പറയുന്നുണ്ട്. ശരി, അംഗീകരിച്ചു. പക്ഷേ ഈ കൊടുക്കുന്ന കോമ്പൻസേഷൻ ഉണ്ടല്ലോ. അതിൽ തൊഴിലാളികളുടെ അവകാശങ്ങഠംക്ക് ഫസ്റ്റ് പ്രയോറിറ്റി വേണം എന്നുള്ള വ്യവസ്ഥകഠംകൂടി വേണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ വ്യവസ്ഥകഠം അനുസരിച്ച് തന്നെ തൊഴിലാളികളുടെ കോമ്പൻസേഷനെ സംബന്ധിച്ചിടത്തോളം ഫസ്റ്റ് പ്രയോറിറ്റി ഉണ്ട്. അതുകൊണ്ട് കോർപ്പറേഷൻ ആ ബാദ്ധ്യത ഏറെടുക്കുന്നില്ലെങ്കിലും ആ മില്ലിന്റെ കോമ്പൻസേഷൻ തിട്ടപ്പെടുത്തുന്ന അവസരത്തിൽ എന്താണോ കോമ്പൻസേഷൻ ആ കോമ്പൻസേഷനു തൊഴിലാളിയ്ക്ക് കൊടുക്കാനുള്ളതായ ആനുകൂല്യം ഫസ്റ്റ് പ്രയോറിറ്റി ആയിട്ട് പറയും. പിന്നെ എന്താണ് അതുകൊണ്ട് തകരാറ് വരുന്നത്?

ശ്രീ. വി.ജെ. തങ്കപ്പൻ: അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ അത് ഇതിൽ ഉഠംപ്പെടുത്തിയിട്ടില്ല.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട തങ്കപ്പൻ, അങ്ങ് എന്താണ് പറയുന്നത്?

Please read it. You are a lawyer.

ശ്രീ. വി.ജെ. തങ്കപ്പൻ: അതൊന്നു എൻലൈറൻ ചെയ്താൽ മതി.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): നാഷണൽ ടെക്സ്റൈൽ കോർപ്പറേഷൻ കേന്ദ്രഗവൺമെന്റ് രൂപീകരിച്ചപ്പോഠം മില്ലുകഠം ഏറെടുത്തതുപോലെ തന്നെയാണിത്. അതിൽ വലിയ വ്യത്യാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. തങ്കപ്പൻ: നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകളും ഏറെറടുത്തപ്പോഴും ഉള്ള അതേ വ്യവസ്ഥയിൽ ആണ് ഇത് എന്നു പറഞ്ഞാൽ അത് ഞങ്ങളും അപ്രൂവ് ചെയ്തു തരണമെന്നാണോ നിങ്ങൾ പറയുന്നത്. അത് ശരിയല്ലെന്നാണ് ഞങ്ങളുടെ വാദം. അതും ശരിയല്ല. ഇതും ശരിയല്ല.

നിങ്ങൾ ഏകപക്ഷീയമായി കൊണ്ടുവന്നതാണിത്. അദ്ധ്വാനിക്കുന്നവന്റെ മുഴുവൻ അവകാശങ്ങളേയും കാററിൽ പറത്തി കൊണ്ട് കൊണ്ടുവന്നിട്ടുള്ള ഈ നിയമം അംഗീകരിച്ചു തരണമെന്നാണോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ആ നിയമം പാർലമെൻറ് ഐകകണ്ഠ്യേന അംഗീകരിച്ചു കഴിഞ്ഞു.

ശ്രീ. വി.ജെ. തങ്കപ്പൻ: പാർലമെൻറ് ഏകകണ്ഠമായി പാസ്സാക്കിയതുകൊണ്ട് ഇവിടെയും ഏകകണ്ഠമായി പാസ്സാക്കണമെന്നാണോ?

മി. സ്പീക്കർ: You can continue tomorrow. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാകുന്നു.

(1985 മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 1.29-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly